**പതിനാലാം കേരള നിയമസഭ**
**പത്താം സമ്മേളനം**

**നക്ഷത്ര ചിഹ്നമിടാത്ത**
**ചോദ്യം നമ്പർ : 3552**

**15.03.2018 - ൽ മറുപടിക്ക്.**

## വ്യവസായ വികസനത്തിൽ പ്രവാസികളെ ഉൾപ്പെടുത്തിക്കൊണ്ടുള്ള വികസന മാതൃകകൾ

| ചോദ്യം | | മറുപടി |
|---|---|---|
| ശ്രീ. അനൂപ് ജേക്കബ് | ...................... | ശ്രീ. എ. സി. മൊയ്തീൻ<br>(വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പ് മന്ത്രി). |

| ചോദ്യം | മറുപടി |
|---|---|
| (എ) സംസ്ഥാനത്തിന്റെ വ്യവസായ വികസനത്തിൽ പ്രവാസികളെ ഉൾപ്പെടുത്തിക്കൊണ്ടുള്ള വികസന മാതൃകകൾ / പദ്ധതികൾ സർക്കാർ ആവിഷ്കരിച്ചിട്ടുണ്ടോ ; വിശദാംശം ലഭ്യമാക്കുമോ | (എ) : സംസ്ഥാനത്തെ നിക്ഷേപ സാധ്യതകളെ പ്രവാസികളുടെ ശ്രദ്ധയിൽ കൊണ്ടുവന്ന് വിവിധ മേഖലകളിൽ നിക്ഷേപിക്കാൻ സന്നദ്ധരായവർക്ക് പദ്ധതികൾ നടപ്പിലാക്കുന്നതിന് ആവശ്യമായ കൈത്താങ്ങ് നൽകുന്നതിനും അവർക്ക് മറ്റ് സൗകര്യങ്ങൾ ഒരുക്കുക എന്ന ലക്ഷ്യത്തോടെയും നോർക്ക, ബിസിനസ് ഫെസിലിറ്റേഷൻ സെന്റർ ആവിഷ്കരിച്ചിട്ടുണ്ട്. ഈ സെന്റർ, സംരംഭം തുടങ്ങുന്നതിനുള്ള വിവിധ അനുമതികൾ നേടുന്നതിന് ഒരു ഏകജാലക സംവിധാനമായി പ്രവർത്തിക്കാനാണ് ലക്ഷ്യമിടുന്നത്. പ്രവാസികളുടെ നിക്ഷേപം കേരളത്തിന്റെ അടിസ്ഥാന സൗകര്യ വികസന മേഖലകൾ ഉൾപ്പെടെ വികസിപ്പിക്കുന്നതിന് വിനിയോഗിക്കുന്നതിനായി ആദ്യഘട്ടമെന്ന നിലയിൽ കിഫ്ബി പ്രവാസികൾക്കായി പ്രത്യേക ആകർഷതകളുള്ള ചിട്ടിക്ക് രൂപം കൊടുക്കുന്നുണ്ട്. പ്രസ്തുത ചിട്ടിയിലൂടെ പ്രവാസികളുടെ ഗണ്യമായ നിക്ഷേപം സർക്കാരിന്റെ മേൽനോട്ടത്തിൽ നാട്ടിലെ വിവിധ അടിസ്ഥാന സൗകര്യ വികസന പ്രോജക്ടുകളുടെ വിപുലീകരണത്തിന് വിനിയോഗിക്കാനാണ് വിഭാവനം ചെയ്യുന്നത്. |
| (ബി) ലോക കേരള സഭയെ സംസ്ഥാനത്തിന്റെ വ്യവസായ പുരോഗതിയുമായി ബന്ധിപ്പിക്കുന്നതിന് ഉതകുന്ന ഏതെങ്കിലും പദ്ധതികൾ നടപ്പിലാക്കുവാൻ സർക്കാർ ഉദ്ദേശിക്കുന്നുണ്ടോ ; വിശദവിവരം അറിയിക്കുമോ ? | (ബി) : ഉണ്ട്.<br>ലോക കേരള സഭയുടെ പ്രഥമ സമ്മേളനത്തിൽ സംസ്ഥാനത്തിന്റെ വ്യവസായ പുരോഗതിക്കായി താഴെപ്പറയുന്ന തീരുമാനങ്ങൾ എടുത്തിട്ടുണ്ട്. :<br>• പ്രവാസികളായ വ്യവസായ വാണിജ്യ സംരംഭകരുമായി സജീവ ബന്ധം പുലർത്തുന്നതിനു വേണ്ടി പ്രവാസി വാണിജ്യ ചേമ്പറുകൾക്ക് രൂപം നൽകാൻ സർക്കാർ ഉദ്ദേശിക്കുന്നുണ്ട്. ഓരോ വിദേശ മേഖലയ്ക്കും പ്രത്യേക ചേമ്പറുകൾ |

എന്ന നിലയിലാണ് ഉദ്ദേശിക്കുന്നത്. ഇവരും കേരളത്തിൽ ഫലപ്രദമായി പ്രവർത്തിക്കുന്ന ചേമ്പറുകളും തമ്മിൽ സൗഹൃദബന്ധം വളർത്തിയെടുത്ത് ആഗോള തലത്തിൽ കേരളീയരായ വ്യവസായ വാണിജ്യ സംരംഭക കൂട്ടുകെട്ട് ഉണ്ടാക്കാനാണ് സർക്കാർ ഉദ്ദേശിക്കുന്നത്.

- എല്ലാ രാജ്യങ്ങളിലും പ്രവാസി പ്രൊഫഷണൽ സമിതികൾ രൂപീകരിക്കാൻ ഉദ്ദേശിക്കുന്നുണ്ട്. പ്രൊഫഷണലുകളുടെ സേവനം കേരളത്തിന്റെ ഗവേഷണ സ്ഥാപനങ്ങൾക്കും വ്യവസായ സ്ഥാപനങ്ങൾക്കും ലഭ്യമാക്കുകവഴി കേരളത്തിന്റെ ശാസ്ത്ര സാങ്കേതിക വൈജ്ഞാനിക മേഖലയിൽ വികസനം സാധ്യമാക്കുകയാണ് ലക്ഷ്യം.

സെക്ഷൻ ഓഫീസർ.